ഭരണഭാഷ-മാതൃഭാഷ

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എഡി.എ4/17812/2014

തീയതി : 17.03.2014

## സർക്കുലർ

വിഷയം: 14.12.2010-നുശേഷം പി.എസ്.സി വഴി നിയമിതരായ ജീവനക്കാരുടെ സർവ്വീസ് വെരിഫിക്കേഷൻ സംബന്ധിച്ച് -
സൂചന : GO(P) No.15/2011/P&ARD Dated 2011 June 6

14.12.2010-നുശേഷം പി.എസ്.സി വഴി നിയമിതരായ ജീവനക്കാരുടെ സർവ്വീസ് വെരിഫിക്കേഷന് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(1) പി.എസ്.സിയ്ക്ക് 14.12.2010-നു ശേഷം ജോലിയിൽ പ്രവേശിച്ച എല്ലാ ജീവനക്കാരുടേയും സർവ്വീസ് വെരിഫിക്കേഷൻ നടത്തുവാനായി അവർ സർവ്വീസിൽ പ്രവേശിച്ച തീയതി (FN/AN) സഹിതം കൃത്യമായി അറിയിക്കേണ്ടതാണ്.

(2) സ്കൂളുകളിലെ ജീവനക്കാരുടെ സർവ്വീസ് വെരിഫിക്കേഷനായി അതാത് സ്കൂളുകളിലെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ സർവ്വീസ് ബുക്കിന്റെ 1 മുതൽ 4 വരെയുള്ള പേജുകളുടെ പകർപ്പ്, പി.എസ്.സി അഡ്വൈസ് മെമ്മയോടൊപ്പമുള്ള ഐഡന്റിഫിക്കേഷൻ കാർഡിന്റെ പകർപ്പ്, അപ്പോയിന്റ്മെന്റ് ഓർഡറിന്റെ പകർപ്പ്. പി.എസ്.സിയിൽ നിന്നുള്ള അഡ്വൈസ് ലെറ്ററിന്റെ പകർപ്പ് എന്നിവ പി.എസ്.സിയ്ക്ക് അയച്ചു കൊടുക്കുന്നതിനായി അവ നിയമനം ലഭിച്ച് ജോലിയിൽ പ്രവേശിച്ച് കഴിഞ്ഞാൽ ഉടൻ ഈ ഓഫീസിലേയ്ക്ക് അയച്ചു തരേണ്ടതാണ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

23/Jay/18.03.14